നം: ഇ.എക്സ്.എ4/25733/2012/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം- 695 012
തീയതി: 27/04/2012

# സർക്കുലർ

**വിഷയം:** **2012 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ പുനഃമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്.**

**സൂചന:** **22/10/2011-ാം തീയതിയിലെ ഇ.എക്സ്/സി.ജനറൽ(1)/ 41414 /2011/സി.ജി.ഇ നമ്പർ വിജ്ഞാപനം.**

2012 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ പുനഃമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കായുള്ള ഓൺലൈൻ അപേക്ഷകൾ പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ http://keralapareekshabhavan.in ൽ രജിസ്റ്റർ ചെയ്യാവുന്നതാണ് രജിസ്ട്രേഷൻ 30/04/2012 മുതൽ 04/05/2012 ഒരു മണി വരെ നടത്താവുന്നതാണ്. പരീക്ഷാർത്ഥികൾ രജിസ്ട്രേഷൻ നടത്തിയതിന്റെ പ്രിന്റ് ഔട്ടും അപേക്ഷാ ഫീസും ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്ററെ മേയ് 5 നാലു മണിക്ക് മുമ്പ് ഏല്പിക്കേണ്ടതാണ്. ഉത്തരക്കടലാസ്സുകളുടെ പുനഃമൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400/- രൂപയും, ഫോട്ടോകോപ്പിക്ക് 200/- രൂപയും സ്ക്രൂട്ടിണിക്ക് 50/- രൂപയുമായിരിക്കും ഫീസ്. പുനഃമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകൾക്ക് സ്ക്രൂട്ടിണിക്കായി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. ഹെഡ്മാസ്റ്റർമാർ ലഭിച്ചിട്ടുള്ള അപേക്ഷകൾ ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതും ഫീസ് പണമായി സ്വീകരിച്ച് അപേക്ഷകർക്ക് രസീത് നൽകേണ്ടതുമാണ്. മേയ് 5 ന് ശേഷം ലഭിക്കുന്നതും അപൂർണ്ണമായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷകൾ യാതൊരു കാരണവശാലും ഹെഡ്മാസ്റ്റർമാർ സ്വീകരിക്കുവാൻ പാടുള്ളതല്ല.

പുനഃമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് ആ പേപ്പറിന് അടച്ച ഫീസ് തിരികെ നൽകുന്നതാണ്. ഉത്തരക്കടലാസ്സിന്റെ ഫോട്ടോകോപ്പി ലഭ്യമായവർക്ക് മൂല്യനിർണ്ണയം ചെയ്യാത്ത ഉത്തരങ്ങൾ, സ്കോറുകൾ കൂട്ടിയതിലുള്ള പിശകുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിക്കുന്നതിന് പരീക്ഷാഭവൻ സെക്രട്ടറിക്ക് അപേക്ഷ നൽകാവുന്നതാണ്. **<u>ഫോട്ടോകോപ്പി ലഭിച്ചതിനുശേഷം പുനഃമൂല്യനിർണ്ണയത്തിന് നൽകുന്ന അപേക്ഷകൾ യാതൊരു കാണവശാലും പരിഗണിക്കുന്നതല്ല.</u>**

## ഹെഡ്മാസ്റ്റർമാരുടെ ചുമതലകൾ

ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയ ശേഷം അപേക്ഷകർ സമർപ്പിക്കുന്ന പ്രിന്റ് ഔട്ട്, ഹെഡ്മാസ്റ്റർമാർ ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതാണ്. ഹെഡ്മാസ്റ്റർ വെരിഫൈ ചെയ്യാത്ത അപേക്ഷകൾ പരീക്ഷാ ഭവനിൽ സ്വീകരിക്കുന്നതല്ല. (ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാകുന്ന 04/05/2012 നു തന്നെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന 3 സ്റ്റേറ്റ്മെന്റുകളുടെ പ്രിന്റൗട്ട് (റീവാല്യുവേഷൻ, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി) എടുത്ത് ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് counter sign ചെയ്ത് മേയ് 7-നു ലഭിക്കത്തക്കവിധത്തിൽ സ്പീഡ് പോസ്റ്റായി സൂപ്രണ്ട്, എ സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-695 012 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

അപേക്ഷകരിൽ നിന്നും പുനഃമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കായി സ്വീകരിക്കുന്ന ഫീസ് രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ ഓരോ സ്കൂളുകളിലും സൂക്ഷിക്കേണ്ടതും ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി ബന്ധപ്പെട്ട അധികാരികളെ ഏല്പിക്കേണ്ടതുമാണ്. പുനഃമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് അടച്ച ഫീസ് തിരികെ ലഭിക്കുന്നതാണ്. ഓരോ സ്കൂളിലും ലഭിക്കുന്ന ആകെ ഫീസിൽ നിന്നും ഉയർന്ന ഗ്രേഡ് ലഭ്യമാകുന്നവർക്ക് അർഹതപ്പെട്ട തുക തിരികെ നൽകിയ ശേഷമുള്ള ബാക്കി തുക "Secretary to the Commissioner for Government Examinations" ന്റെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി 31/05/2012-നകം പരീക്ഷാ ഭവനിലേക്ക് അയയ്ക്കേണ്ടതാണ്. ആകെ വരവ് ചെലവ് കണക്ക് സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റും ഇതോടൊപ്പമുള്ള മാതൃകയിൽ തയ്യാറാക്കി ഡിമാന്റ് ഡ്രാഫ്റ്റിനോടൊപ്പം ഉൾക്കൊള്ളിച്ച് അയയ്ക്കേണ്ടതാണ്.

## ഹെഡ്മാസ്റ്റർമാർ അപേക്ഷ വെരിഫൈ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രവേശിച്ച് HM login എന്ന link click ചെയ്യുക. ആദ്യതവണ സ്കൂൾ കോഡ് തന്നെ password ആയി ഉപയോഗിക്കുക. (password മാറ്റിയിട്ടുണ്ടെങ്കിൽ ആ password ഉപയോഗിക്കുക) login ചെയ്തതിനു ശേഷം password നിർബന്ധമായും മാറ്റേണ്ടതാണ്. (ഒരു പ്രാവശ്യം password മാറ്റിയവർ പിന്നെ മാറ്റേണ്ടതില്ല.)
2. Login ചെയ്ത് പ്രവേശിക്കുമ്പോൾ Revaluation/Photocopy/ Scrutiny എന്നിവയ്ക്കുവേണ്ടി സ്കൂളിൽ അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികളുടെയും ലിസ്റ്റ് ലഭ്യമാകും. വിദ്യാർത്ഥികൾ സമർപ്പിച്ചിട്ടുള്ള ഓൺലൈൻ അപേക്ഷകളുടെ പ്രിന്റ്

ഔട്ട് ഇതുമായി ഒത്തു നോക്കി ശരിയാണോ എന്ന് ഉറപ്പ് വരുത്തിയതിനു ശേഷം ഓരോന്നായി verify ചെയ്യണം. ഒരിക്കൽ verify ചെയ്തു കഴിഞ്ഞ അപേക്ഷയിൽ പിന്നീട് മാറ്റം വരുത്താൻ സാധിക്കുന്നതല്ല.

3. "Verification Button" ക്ലിക്ക് ചെയ്യുമ്പോൾ ആ സ്കൂളിൽ നിന്നും റീവാല്യുവേഷൻ/ഫോട്ടോകോപ്പി/സ്ക്രൂട്ടിണി എന്നിവയ്ക്ക് അപേക്ഷിച്ചിട്ടുള്ളവരുടെ ലിസ്റ്റ് കാണാനും അതിൽ പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ, പേര് തുടങ്ങിയവ വെരിഫൈ ചെയ്തോ ഇല്ലയോ എന്നതിനുള്ള സ്റ്റാറ്റസ് അറിയുവാനും കഴിയുന്നതാണ്. ഓരോ പരീക്ഷാർത്ഥിയുടേയും പേരിന് നേരേ കാണുന്ന "View Button" -ൽ ക്ലിക്ക് ചെയ്ത് ആ പരീക്ഷാർത്ഥി റീവാല്യുവേഷൻ/ഫോട്ടോകോപ്പി/സ്ക്രൂട്ടിണി എന്നിവയ്ക്ക് അപേക്ഷിച്ച വിഷയങ്ങൾ ഏതെല്ലാമാണ് എന്ന് പരിശോധിക്കേണ്ടതാണ്. അതിന് ശേഷം പരീക്ഷാർത്ഥി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ പ്രിന്റ് ഔട്ടും സ്ക്രീനിൽ കാണുന്ന അപേക്ഷിച്ചിട്ടുള്ള വിഷയങ്ങളും ഒന്നാണെന്ന് ഉറപ്പുവരുത്തിയതിനു ശേഷം വെരിഫൈ ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷ വെരിഫൈ ചെയ്യാവുന്നതാണ്. ഒരിക്കൽ വെരിഫൈ ചെയ്തു കഴിഞ്ഞ അപേക്ഷയിൽ പിന്നീട് മാറ്റം വരുത്താൻ സാധിക്കുകയില്ല. അപേക്ഷിച്ച വിഷയങ്ങളിൽ മാറ്റം വരുത്തണമെങ്കിൽ വെഫൈ ചെയ്യുന്നതിന് മുമ്പ് അപേക്ഷകർ തന്നെ മാറ്റം വരുത്തേണ്ടതാണ്.

4. "Report Button" ക്ലിക്ക് ചെയ്യുമ്പോൾ റീവാല്യുവേഷൻ/ ഫോട്ടോകോപ്പി/സ്ക്രൂട്ടിണി എന്നിവയ്ക്ക് ആ സ്കൂളിൽ നിന്നും അപേക്ഷിച്ചിട്ടുള്ള എല്ലാ പരീക്ഷാർത്ഥികളുടെയും റിപ്പോർട്ടും ഇതിന്റെയെല്ലാം abstract അടങ്ങുന്ന മറ്റൊരു റിപ്പോർട്ടും എടുക്കാനുള്ള ബട്ടണുകൾ കാണാൻ സാധിക്കും. മേൽപ്പറഞ്ഞ ബട്ടൺ ക്ലിക്ക് ചെയ്താൽ റിപ്പോർട്ട് കാണാവുന്നതും "Click here to print"എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് റിപ്പോർട്ടിന്റെ പ്രിന്റ് എടുക്കാവുന്നതുമാണ്.



**സെക്രട്ടറി**

***SSLC EXAMINATION MARCH 2012 - DETAILS OF REVALUATION, PHOTO COPY AND SCRUTINY OF ANSWER SCRIPTS***

# ABSTRACT

**NAME OF SCHOOL :**
**SCHOOL CODE :** **EDUCATIONAL DISTRICT:**

| | |
|---|---|
| Number of application received for Revaluation | |
| Number of application received for Photo copy | |
| Number of application received for Scrutiny | |
| Amount of fee collected for Revaluation ( x 400) | |
| Amount of fee collected for Photo copy ( x 200) | |
| Amount of fee collected for Scrutiny ( x 50 | |
| **Total fee collected in the Centre** | |
| Fee refunded to applicant who secured higher grade on revaluation | |
| Balance Amount | |
| Demand Draft Number and date | |

**Name and Signature of Head of institution**

**(Office seal)**